(ബി, സി) വീക്കർ സെക്ഷനിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡം നിശ്ചയിക്കുന്നതിന് ആവശ്യമായ വിവരം നൽകുന്നതിന് പട്ടികജാതി, പട്ടിക വർഗ്ഗ വികസന വകുപ്പ്, സാമൂഹ്യക്ഷേമ വകുപ്പ്, ആസൂത്രണ വകുപ്പ് എന്നിവയോട് ആവശ്യപ്പെട്ടിട്ടുണ്ട്. അവിടെനിന്നും ലഭിക്കുന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ വീക്കർ സെക്ഷനെ സംബന്ധിച്ച അവ്യക്തത മാറ്റി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

മിച്ചഭൂമി കൈവശ കൃഷിക്കാർക്ക് പതിച്ചുനൽകുന്നതിനു നടപടി

8 [4983] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ ചീമേനി വില്ലേജിലെ മിച്ചഭൂമി കൈവശകൃഷിക്കാർക്ക് പതിച്ചുനൽകുന്നത് സംബന്ധിച്ച് റവന്യൂ വകുപ്പിലെ 62778/എൻ1/93/ആർ. ഡി. തീയതി 18-9-2001 നമ്പർ ഫയലിൽ കഴിഞ്ഞ രണ്ടുവർഷമായി നടന്നുവരുന്ന പരിശോധനകളും നടപടികളും നിലവിൽ ഏതു ഘട്ടത്തിലാണെന്നും കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഈ ഫയലിൽ തീർപ്പാക്കുന്നതു സംബന്ധിച്ച് കൈക്കൊണ്ട നടപടികൾ എന്തൊക്കെയായിരുന്നു എന്നും അറിയിക്കാമോ;

(ബി) പ്രസ്തുത ഭൂമിക്കായി അപേക്ഷിച്ച 189 കൈവശകൃഷിക്കാരിൽനിന്നും 86 പേരെ ഒഴിവാക്കി 103 പേർക്കു മാത്രമായി പതിച്ചുനൽകുവാനുള്ള കാസർഗോഡ് ജില്ലാ കളക്ടറുടെ 24-11-2001-ലെ എച്ച് 2 1867/84 നമ്പർ കത്തിന്റെയും ഹോസ്ദുർഗ്ഗ് തഹസിൽദാരുടെ 18-12-2001-ലെ ഡി3/21028/70 നമ്പർ കത്തിന്റെയും അടിസ്ഥാനത്തിൽ മറ്റു കൈവശക്കാരെ ഒഴിവാക്കിയ കാരണം വ്യക്തമാക്കുമോ;

(സി) ഈ വിഷയം സംബന്ധിച്ച് നടന്നുവരുന്ന പരിശോധന പൂർത്തിയായിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ വിശദവിവരങ്ങൾ എന്തൊക്കെയാണെന്നും അറിയിക്കാമോ?

ഉത്തരം

(എ—സി) കാസർഗോഡ് ജില്ലയിൽ തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ ചീമേനി വില്ലേജിലെ മിച്ചഭൂമി കൈവശക്കാർക്ക് പതിച്ചുനൽകുന്നതു സംബന്ധിച്ച വിഷയം സർക്കാർ 26-7-2002-ൽ തൃക്കരിപ്പൂർ എം.എൽ.എ. ശ്രീ. കെ. പി. സതീശ് ചന്ദ്രൻ, ലാന്റ് ബോർഡ് സെക്രട്ടറി, ലാന്റ് റവന്യൂ കമ്മീഷണർ എന്നിവരുമായി നടത്തിയ ചർച്ചയുടെയും കാസർഗോഡ് ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഭൂമിയിലെ 189 കൈവശകൃഷിക്കാരുടെയും അവകാശം സംരക്ഷിച്ചുകൊണ്ട് (ഇതിൽ 15-82 ഏക്കർ ഭൂമി കൈവശം വച്ചിരിക്കുന്ന 30 പേർ ഭൂമി പതിവിന് അർഹരായതിനാൽ അവർക്ക് കൈവശ ഭൂമി പതിച്ചുനൽകാൻ ജില്ലാ കളക്ടർക്ക് അധികാരമുള്ളതിനാൽ പ്രസ്തുത വിഭാഗത്തെ സംബന്ധിച്ച് സർക്കാർ ഉത്തരവിൽ പ്രത്യേക പരാമർശം നടത്തിയിട്ടില്ല.) 30-7-2003-ൽ ഉത്തരവ് (എംഎസ്.) 228/03/റവന്യൂ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. †

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II

[5-8-2003-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 8 (4983)-ന്റെ ഉത്തരം ദയവായി കാണുക.]

കേരള സർക്കാർ

സംഗ്രഹം

കേരള ഭൂപരിഷ്കരണ നിയമം—കാസർഗോഡ് ജില്ല, ഹോസ്ദുർഗ്ഗ് താലൂക്ക്, ചീമേനി, തിമിരി വില്ലേജ്—മിച്ചഭൂമി പതിവ്—ശ്രീ. ജോർജ്ജ് തോമസ്സ് കൊട്ടുകപ്പള്ളി എന്നവരിൽ നിന്നും പെരിയാർ പാരിക്കണ്ണി റബ്ബർ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും ഏറ്റെടുത്ത മിച്ചഭൂമി കൈവശക്കാർക്ക് പതിച്ചു നൽകണമെന്ന ഹർജി—തീർപ്പാക്കി ഉത്തരവാകുന്നു.

റവന്യൂ (എൻ) വകുപ്പ്

സർക്കാർ ഉത്തരവ് (എംഎസ്.) 228/03/റവന്യൂ. തിരുവനന്തപുരം, തീയതി 30-7-2003.

പരാമർശം:—(1) 6-8-2002-ലെ ശ്രീ. കരിമ്പിൽ കൃഷ്ണൻ തുടങ്ങിയവരുടെ നിവേദനം.

(2) 29-11-2002-ലെ കാസർഗോഡ് ജില്ലാ കളക്ടറുടെ എച്ച്2. 1887/84 നമ്പർ കത്ത്

ഉത്തരവ്

കാസർഗോഡ് ജില്ലാ കളക്ടർ പരാമർശം രണ്ട് പ്രകാരം ശ്രീ. ജോർജ്ജ് തോമസ്സ് കൊട്ടുകപ്പള്ളി എന്നവരിൽ നിന്നും പെരിയാർ പാരിക്കണ്ണി റബ്ബർ ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റേയും കൈവശത്തിലിരുന്നതുമായ ഹോസ്ദുർഗ്ഗ് താലൂക്കിലെ ചീമേനി, തിമിരി എന്നീ വില്ലേജുകളിൽ റീസർവ്വേ 260/1 എ1എ1, 1എ1, സി, 1 18/1, 137/1, 137/3, 4/1-ൽ പെട്ടതുമായ 542.04 ഏക്കർ മിച്ചഭൂമി അർഹവും അനർഹവുമായ കുടിയിരിപ്പുകാരുടേയും കയ്യേറ്റക്കാരുടേയും കൈവശമുണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ കൈവശക്കാരെ താഴെപ്പറയുന്ന രീതിയിൽ അഞ്ച് വിഭാഗമായിട്ടാണ് ജില്ലാ കളക്ടർ തരം തിരിച്ചിട്ടുള്ളത്:

(എ) മിച്ചഭൂമി ഏറ്റെടുക്കുന്നതിനു മുമ്പു തന്നെയുള്ള അർഹരായ കുടിയിരിപ്പുകാരിൽ ലാന്റ് ട്രിബ്യൂണൽ വഴി പട്ടയം സമ്പാദിച്ച 92 പേരും അവരുടെ കൈവശത്തിലിരിക്കുന്ന 159.16 ഏക്കർ ഭൂമിയും;

(ബി) മിച്ചഭൂമി ഏറ്റെടുക്കുന്നതിനു മുൻപുതന്നെ ഭൂമി കൈവശം വച്ചു വരുന്നു, പക്ഷെ ലാന്റ് ട്രിബ്യൂണൽ വഴി പട്ടയം ലഭിക്കാത്ത 103 കുടിയിരിപ്പുകാരും അവരുടെ കൈവശത്തിലിരിക്കുന്ന 106.43 ഏക്കർ ഭൂമിയും;

(സി) മിച്ചഭൂമി പതിച്ചുകിട്ടാൻ അർഹരായ 30 പേരും അവരുടെ കൈവശത്തിലിരിക്കുന്ന 15.82 ഏക്കർ ഭൂമിയും;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മിച്ചഭൂമി പതിച്ചു കിട്ടാൻ അർഹരല്ലാത്ത 23 പേരും അവരുടെ കൈവശത്തിലിരിക്കുന്ന 15.23 ഏക്കർ ഭൂമിയും;

(ഇ) വ്യാപാര പ്രാമുഖ്യമുള്ള 11.28 ഏക്കർ കൈവശം വച്ചുവരുന്ന 33 പേർ.

മേൽപ്പറഞ്ഞ വിവിധ ഇനങ്ങളിൽ ബന്ധപ്പെട്ടവരുടെ കേസ്സുകൾ തീർപ്പു കൽപ്പിക്കുന്നതിന് 13-9-1990-ൽ ജി. ഒ. (ആർ ടി.) 2191/90/റവന്യൂ എന്ന ഉത്തരവിലൂടെ സർക്കാർ ചില മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിരുന്നു. നിർദ്ദേശങ്ങൾ താഴെ വിവരിക്കുന്നു:

(എ) 159.16 ഏക്കർ ഭൂമി കൈവശം വച്ചുവരുന്ന 92 പേരുടെ കേസ്സുകൾ 'സീലിംഗ് കേസ്' റീ ഓപ്പൺ ചെയ്ത് തീരുമാനമെടുക്കുക;

(ബി) 106.43 ഏക്കർ ഭൂമി കൈവശം വച്ചുവരുന്ന 103 പേർക്ക്, അവർക്ക് അർഹതയുള്ള പരമാവധി ഭൂമി ഭൂനിയമത്തിലെ വകുപ്പ് 96 പ്രകാരം പതിച്ചുനൽകി ബാക്കി കൈവശഭൂമി കമ്പോളവിലയ്ക്ക് അവർക്ക് തന്നെ പതിച്ചു നൽകുവാനും, മാർക്കറ്റ് വിലയ്ക്ക് ഭൂമിയെടുക്കാൻ തയ്യാറാകാത്തവരെ അധിക ഭൂമിയിൽ നിന്നും ഒഴിപ്പിക്കുക;

(സി) 15.82 ഏക്കർ കൈവശം വച്ചുവരുന്ന 30 അർഹരായ കൈവശക്കാർക്ക് വകുപ്പ് 95 പ്രകാരം പതിച്ച് നൽകുക;

(ഡി) 15.23 ഏക്കർ കൈവശം വച്ചുവരുന്ന മിച്ചഭൂമി പതിച്ചു കിട്ടാൻ അർഹരല്ലാത്ത 23 പേരെ ഒഴിപ്പിക്കുക;

(ഇ) വ്യാപാര പ്രാമുഖ്യമുള്ള 11.28 ഏക്കർ ഭൂമി കൈവശം വച്ചുവരുന്ന 33 ആൾക്കാരുടെ പ്രശ്നം 'സീലിംഗ് കേസ്' റീ ഓപ്പൺ ചെയ്ത് ലാൻഡ് ബോർഡ് തീർപ്പു കൽപ്പിക്കുക.

മുകളിൽ (എ) (ഇ) വിഭാഗത്തിൽപ്പെട്ട കേസ്സുകൾ സീലിംഗ് കേസ് റീ ഓപ്പൺ ചെയ്ത് തീരുമാനിക്കുവാനാണ് ഉത്തരവായിരിക്കുന്നത്. എന്നാൽ സീലിംഗ് കേസ് റീ ഓപ്പൺ ചെയ്യുവാനുള്ള സമയപരിധി കഴിഞ്ഞ സ്ഥിതിക്ക്, ഈ കേസുകൾ പരിഹാരമില്ലാതെ തുടരുന്നു. (ബി) വിഭാഗത്തിൽപ്പെട്ട 103 പേർ അവരുടെ കൈവശഭൂമിക്ക് പട്ടയം ലഭിക്കുവാൻ അർഹരാണ്. എന്നാൽ പരിധിയിലധികം ഭൂമിയുള്ളതിനാൽ അർഹതയുള്ള ഭൂമി കഴിച്ച് ബാക്കി ഭൂമി ആരും മാർക്കറ്റ് വിലയ്ക്കെടുക്കുവാൻ തയ്യാറായിട്ടില്ല.

ഈ വിഷയം സർക്കാർ സമഗ്രമായി പരിശോധിക്കുകയും താഴെപ്പറയുന്ന പ്രകാരം ഉത്തരവാകുകയും ചെയ്യുന്നു:

മുകളിൽ പരാമർശിച്ച (എ) വിഭാഗത്തിൽപ്പെട്ട 159.16 ഏക്കർ ഭൂമി കൈവശം വച്ചുവരുന്ന 92 പേരുടെ കേസ്സുകളും (ബി) വിഭാഗത്തിൽപ്പെട്ട 106.43 ഏക്കർ ഭൂമി കൈവശം വച്ചിരുന്ന 103 പേരുടെ കേസ്സുകളും (ഇ) വിഭാഗത്തിൽപ്പെട്ട 11.28 ഏക്കർ ഭൂമി കൈവശം വച്ചുവരുന്ന 33 പേരുടെ കേസ്സുകളും തീർപ്പാക്കി പട്ടയം നൽകുന്നതു

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച് ബന്ധപ്പെട്ട നിയമത്തിൽ ഭേദഗതി വരുത്തുന്നതിനുള്ള കരടു നിർദ്ദേശം ലാന്റ് ബോർഡു സെക്രട്ടറി സർക്കാരിലേക്ക് സമർപ്പിക്കേണ്ടതും നിയമഭേദഗതി വരുത്തിയശേഷം (ഇ) വിഭാഗത്തിൽപ്പെട്ട 33 കൈവശക്കാർ യഥാർത്ഥ കുടികിടപ്പുകാരല്ലെന്ന് തെളിയിക്കുകയാണെങ്കിൽ അവർക്ക് മിച്ചഭൂമിക്ക് അർഹതയുണ്ടെങ്കിൽ മാത്രം അർഹതപ്പെട്ട ഭൂമി കെ. എൽ. ആർ. ആക്ട് 96-ാം വകുപ്പു പ്രകാരം പതിച്ചു നൽകാൻ കാസർഗോഡ് ജില്ലാ കളക്ടർ നടപടി സ്വീകരിക്കേണ്ടതും ഭൂമി പതിവിന് അർഹരല്ലാത്തവരും എന്നാൽ ഒഴിപ്പിക്കൽ ദുഷ്കരവുമായ (ഡി) വിഭാഗത്തിൽപ്പെട്ട 15.23 ഏക്കർ ഭൂമി കൈവശം വച്ചിരിക്കുന്ന 23 പേർക്ക് അവരുടെ കൈവശഭൂമി മാർക്കറ്റു വിലയ്ക്ക് പതിച്ചു നൽകാൻ കാസർഗോഡ് ജില്ലാ കളക്ടർ നടപടി സ്വീകരിക്കേണ്ടതുമാണെന്ന് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എസ്. ഗീതാശങ്കർ,
ഡെപ്യൂട്ടി സെക്രട്ടറി.

LIBRARY ARCHIVES Kerala Legislative Assembly